# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3606** — **15-07-2015 ൽ മറുപടിയ്ക്ക്.**

### കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്; ഭരണാനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ? | (എ) | **ജലസേചന വകുപ്പ്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്കക്കെടുതി, വെള്ളപ്പൊക്ക നിയന്ത്രണം, 13-ാം ധനകാര്യ കമ്മീഷൻ എന്നിവയിൽ ഉൾപ്പെടുത്തി ഓരോ പ്രവൃത്തിക്ക് വീതം ഭരണാനുമതി നൽകുകയും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾക്കും അഴീക്കലിൽ സ്ഥാപിക്കുന്ന കോസ്റ്റ് ഗാർഡ് അക്കാദമിയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനു വേണ്ടി പര്യവേഷണം നടത്തുന്നതിനായി 1 പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 3 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2013-14 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾക്കും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 5 പ്രവൃത്തികൾക്കും കോസ്റ്റ് ഗാർഡ് അക്കാദമിയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനു വേണ്ടി പര്യവേഷണത്തിനായി 1 പ്രവൃത്തിക്കും ഭരണാനുമതി നൽകുകയും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2014-15 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ഇതിൽ 1 പ്രവൃത്തി മൂന്നു തവണ ടെൻഡർ ചെയ്യുകയും 1 തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. രണ്ടാമത്തെ പ്രവൃത്തിയുടെ ടെൻഡർ നിരക്ക് അധികമായതിനാൽ അംഗീകാരത്തിനായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

**മറ്റു പ്രവൃത്തികൾ**

1) ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരണം - കണ്ണപുരം പഞ്ചായത്തിലെ അയ്യോത്ത് പോത്തൻ കുളത്തിന്റെ നവീകരണം - 13.80 ലക്ഷം - ഈ പ്രവൃത്തി പൂർത്തീകരിച്ചു.

2) പദ്ധതി സംരക്ഷണ പ്രവൃത്തി - ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽകാപ്പ് റഗുലേറ്ററിന്റെ മുകൾഭാഗം വലതുകര പാർശ്വഭിത്തി നിർമ്മാണവും മണ്ണ്കൊണ്ടുള്ള ബണ്ട് നിർമ്മാണവും - 8.00 ലക്ഷം - പ്രവൃത്തി പൂർത്തീകരിച്ചു.

3) നബാർഡ് XX - കണ്ണപുരം പഞ്ചായത്തിലെ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിനു കുറുകെ ഉപ്പു വെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണം-40.00 ലക്ഷം-പ്രവൃത്തി ടെണ്ടർ ചെയ്തു.

4) പദ്ധതി സംരക്ഷണം-ചെറുകുന്ന് പഞ്ചായത്തിലെ തെങ്ങിൻകണ്ടിയിൽ മുട്ടിൻ ഗ്രാമം റോഡിനു കുറുകെയുള്ള സ്ലയിഡിന്റെ പുനർനിർമ്മാണം - 14.50 ലക്ഷം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**കേരള ജല അതോറിറ്റി**

2013 ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പദ്ധതികൾക്ക് (21,80,000 രൂപയുടെ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ 98% വും പൂർത്തീകരിച്ചിട്ടുണ്ട്.

2014 ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴോം പഞ്ചായത്തിൽ മൂന്ന് സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുന്നതിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ 2015 ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 17 സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുന്നതിന് 64,30,850 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ് XVI ൽ ഉൾപ്പെടുന്ന 20 പദ്ധതികൾക്ക് 23.24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 9 പദ്ധതികൾ ജിക്കയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

എസ്.എൽ.എസ്.എസ്.സി. യിൽ ഉൾപ്പെടുത്തി 3 സ്ക്കൂളുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി 10.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇവ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഡെപ്പോസിറ്റ് പ്രവൃത്തി</u>

1. കോസ്റ്റ്ഗാർഡ് അക്കാഡമി - 628 ലക്ഷം രൂപ - പ്രവൃത്തി ആരംഭിച്ചു.
2. പരിയാരം ആയുർവേദ മെഡിക്കൽ കോളേജ് - 50 ലക്ഷം രൂപ - ദർഘാസ് ക്ഷണിച്ചിരിക്കുന്നു.

ജിക്ക ധനസഹായത്തോടുകൂടിയുള്ള പട്ടുവം ശുദ്ധജല വിതരണ പദ്ധതി മുഖാന്തിരം ഭാഗികമായി കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ ജിക്ക സഹായത്തോടെ രണ്ടാം ഘട്ടമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**<u>ഭൂജല വകുപ്പ്</u>**

2011-12, 2012-13 വർഷങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

| വർഷം | സ്ഥലത്തിന്റെ പേര് | പഞ്ചായത്ത് | പദ്ധതിയുടെ പേര് | തുക |
|---|---|---|---|---|
| 2013-14 | 1. പുത്തൂർ കുന്ന് എസ്.സി കോളനി | കടന്നപ്പള്ളി പാണപ്പുഴ | കുടിവെള്ള പദ്ധതി | 3,20,062/- |
| | 2. പുത്തൂർ കുന്ന് ക്രിസ്ത്യൻ കോളനി | കടന്നപ്പള്ളി പാണപ്പുഴ | കുഴൽ കിണർ നിർമ്മാണം | 86,625/- |
| 2014-15 | 1. പുത്തൂർ കുന്ന് ക്രിസ്ത്യൻ കോളനി | കടന്നപ്പള്ളി പാണപ്പുഴ | കുടിവെള്ള പദ്ധതി | 3,58,078/- |
| | 2. പട്ടുവം ഡിവൈൻ കോളനി | പട്ടുവം | കുഴൽ കിണർ/ കുടിവെള്ള പദ്ധതി | 82,635/- |
| 2015-16 | എരിപുരം ലക്ഷംവീട് കോളനി | മാടായി | കുടിവെള്ള പദ്ധതി | |

(2013-14, 2014-15 വർഷങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചു 2015-16 ലെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല).

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ മുക്കിലെ പീടിക-കാട്ടാകുളം ബാപ്പുക്കൻ ബണ്ട് റോഡ് റീച്ച് I - 4.62 ലക്ഷം രൂപ
2. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ മുക്കിലെ പീടിക-കാട്ടാകുളം ബാപ്പുക്കൻ ബണ്ട് റോഡ് റീച്ച് II - 4.35 ലക്ഷം രൂപ
3. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ മുക്കിലെ പീടിക-കാട്ടാകുളം ബാപ്പുക്കൻ ബണ്ട് റോഡ് റീച്ച് III - 4.24 ലക്ഷം രൂപ
4. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ മീൻചാൽ ബണ്ടുറോഡ് റീച്ച് IV - 3.73 ലക്ഷം രൂപ
5. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ മുക്കിലെ പീടിക നാലോന്ന് റീച്ച് V - 4.97 ലക്ഷം രൂപ
6. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ നാലോന്ന് അമ്പലപ്പുറം റീച്ച് VI - 4.74 ലക്ഷം രൂപ
7. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ നാലോന്ന് മാടത്തിലരയൻ കോവപ്പുറം റോഡ് റീച്ച് VII - 4.50 ലക്ഷം രൂപ
8. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ വെള്ളരഞ്ഞാൽ മുക്കിലെ പീടിക റോഡ് റീച്ച് VIII - 3.97 ലക്ഷം രൂപ
9. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ വെള്ളരഞ്ഞാൽ കൊട്ടാലത്ത് റോഡ് റീച്ച് IX - 3.95 ലക്ഷം രൂപ
10. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ വെള്ളരഞ്ഞാൽ കൊട്ടാലത്ത് റോഡ് റീച്ച് X - 3.95 ലക്ഷം രൂപ
11. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ ബാപ്പുക്കൻ ബണ്ട് റോഡ് റീച്ച് XI - 3.28 ലക്ഷം രൂപ
12. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ സ്റ്റാനി പീടിക റോഡ് റീച്ച് XII - 3.00 ലക്ഷം രൂപ
13. ജിക്ക പദ്ധതിയിൽ നിന്നും പൈപ്പ്ലൈൻ നീട്ടൽ കട്ടുകുളം ചർച്ച് റോഡ് റീച്ച് XIII - 3.50 ലക്ഷം രൂപ
14. സുൽത്താൻ തോടിന് കുറുകെ പൈപ്പ്ലൈൻ സ്ഥാപിക്കൽ - 3.15 ലക്ഷം
15. പള്ളിക്കര എസ്.സി കോളനി പൈപ്പ്ലൈൻ നീട്ടൽ - 3.75 ലക്ഷം രൂപ
16. മാട്ടൂൽ കുടിവെള്ള പദ്ധതി ജിക്ക പദ്ധതിയുമായി ബന്ധിപ്പിക്കൽ - 3.04 ലക്ഷം രൂപ
17. തെക്കുംപാട് കുടിവെള്ള പദ്ധതി ജിക്ക പദ്ധതിയുമായി ബന്ധിപ്പിക്കൽ - 1.57 ലക്ഷം രൂപ

7, 8, 14, 17 ക്രമ നമ്പറിലുള്ള പ്രവൃത്തികൾക്ക് പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ക്രമ നമ്പർ 16 വെള്ളം കെട്ടിനിൽക്കുന്ന പ്രദേശമായതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ